<u>എസ്.എസ്.എൽ.സി. മാർച്ച് 2016 – പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരീക്ഷാനുകൂല്യങ്ങൾ</u>

VI, HI, LMD/OH, CP, MR, Autism, LD എന്നീ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് എസ്.എസ്.എൽ.സി. പരീക്ഷയിൽ ആനുകൂല്യങ്ങൾ നൽകുന്നത്.

പരീക്ഷാനുകൂല്യങ്ങൾ ലഭിക്കുന്നതിനായി VI, HI, LMD/OH, CP, MR, Autism, LD വിഭാഗം വിദ്യാർത്ഥികൾ 40% മോ അതിലധികമോ വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പി നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഒറിജിനൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അയയ്ക്കേണ്ടതില്ല.

പഠനവൈകല്യമുള്ള വിദ്യാർത്ഥികൾ പരീക്ഷാനുകൂല്യങ്ങൾ ലഭിക്കുന്നതിനായി നിശ്ചിത പ്രൊഫോർമയിലുള്ള സർട്ടിഫിക്കറ്റാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്. സർട്ടിഫിക്കറ്റിൽ IQ നിർബന്ധമായും കാണിച്ചിരിക്കണം.

പരീക്ഷാനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ വഴി മാത്രമേ സമർപ്പിക്കാവൂ. സ്കൂളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും നേരിട്ടോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

A) <u>കാഴ്ചക്കുറവുള്ള വിദ്യാർത്ഥികൾ (Visually impaired)</u>

i) ഓരോ മണിക്കൂറിനും പത്ത് മിനിറ്റ് സമയം അധികം അനുവദിക്കുന്നതാണ്. ബ്രെയ്‌ലി ലിപിയിൽ പരീക്ഷയെഴുതുന്നവർക്ക് ഓരോ മണിക്കൂറിനും 15 മിനിറ്റ് അധിക സമയം ലഭിക്കുന്നതാണ്.

ii) കൂടാതെ ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജോമെട്രിക്കൽ ഫിഗേഴ്സ് തുടങ്ങിയ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതാണ്.

iii) ആവശ്യമെങ്കിൽ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്.

iv) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്കു വിഷയം ഒഴിവാക്കാവുന്നതും പകരം കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്, വോക്കൽ മ്യൂസിക്ക്, ഇൻസ്ട്രുമെന്റൽ മ്യൂസിക്ക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്.

B) <u>ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾ (Hearing Impaired)</u>

i) ഈ വിഭാഗം കുട്ടികളുടെ ഭാഷാ ജ്ഞാനക്കുറവ് പരിഗണിച്ച് അവർക്ക് എഴുത്തു പരീക്ഷയിൽ നേടുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്കായി കൂടുതൽ ലഭിക്കുന്നതാണ്.

ii) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിലേതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കംപ്യൂട്ടർ വിദ്യാഭ്യാസം (b) ഹോർട്ടി കൾച്ചർ (c) കേറ്ററിംഗ് (d) ഡ്രോയിംഗ് ആന്റ് പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താല്പര്യമുള്ളവ തിരഞ്ഞെടുക്കാവുന്നതാണ്. ഒന്നാം ഭാഷയിൽ രണ്ടു പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം തിരഞ്ഞെടുക്കേണ്ടതാണ്.

iii) ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനം ലഭിക്കുന്നതാണ്.

iv) ഓരോ പേപ്പറിനും മണിക്കൂറിന് പത്ത് മിനിറ്റ് അധിക സമയം അനുവദിക്കുന്നതാണ്.

C) ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (Loco Motor Disability/OH), സെറിബ്രൽ പാൾസി (CP)

i) ശാരീരിക വൈകല്യം മൂലം കൈകൾ സ്വതന്ത്രമായി ചലിപ്പിക്കാൻ കഴിയാത്ത പരീക്ഷാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധിക സമയം അനുവദിക്കുന്നതാണ്.

ii) ഗ്രാഫ്, ഡയഗ്രം, ഡ്രോയിംഗ്, ജോമട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്ന് ആവശ്യമെങ്കിൽ ഒഴിവാക്കുന്നതാണ്.

iii) കൈകൾ ഉപയോഗിച്ച് എഴുതാൻ സാധിക്കാത്ത കുട്ടികൾക്ക് ഉത്തരം കേട്ടെഴുതുന്നതിന് സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്.

D) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (Mental Retardation and Autism)

ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മുകളിൽ സൂചിപ്പിച്ച A,B,C വിഭാഗക്കാർക്ക് നൽകുന്ന മുഴുവൻ ആനുകൂല്യങ്ങളും ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്. എന്നാൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് തീയറി പേപ്പറുകൾക്ക് ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്ക് പരീക്ഷ പാസ്സാകുന്നതിനു വേണ്ടി മാത്രമേ ലഭിക്കുകയുള്ളൂ. സ്ക്രൈബ്, ഇന്റർപ്രെട്ടർ ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ.

E) പഠനവൈകല്യം (Specific Learning Disability – SLD/LD)

പഠനവൈകല്യമുള്ള കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല. സ്ക്രൈബ്, ഇന്റർപ്രെട്ടർ ഇവയിൽ ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ.

ഡിസ്ലെക്സിയ : ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധികമായി നൽകുന്നു. കൂടാതെ ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും ലഭിക്കുന്നതാണ്.

ഡിസ്ഗ്രാഫിയ : ഈ വിഭാഗം വിദ്യാർത്ഥികൾക്ക് മണിക്കൂറിന് 10 മിനിട്ട് അധികസമയം അനുവദിക്കുന്നതാണ്. ഇവർക്ക് ആവശ്യമെങ്കിൽ ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിൽ ഏതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കംപ്യൂട്ടർ വിദ്യാഭ്യാസം, (b) ഹോർട്ടികൾച്ചർ, (c) കേറ്ററിംഗ്, (d) ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപര്യമുള്ളവ തെരഞ്ഞെടുക്കാവുന്നതാണ്. ഒന്നാം ഭാഷയിൽ 2 പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽ പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും 2 എണ്ണം തെരഞ്ഞെടുക്കേണ്ടതാണ്. കൂടാതെ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയേയും (സ്ക്രൈബ്) ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

ഡിസ്കാൽക്കുലിയ : ഈ വിഭാഗം കുട്ടികൾക്ക് കണക്ക് വിഷയം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്. കണക്ക് വിഷയം ഒഴിവാക്കുന്ന പരീക്ഷാർത്ഥികൾ പകരമായി കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്സ്, വോക്കൽ മ്യൂസിക്ക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരീക്ഷ എഴുതേണ്ടതാണ്. കൂടാതെ ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിറ്റ് വീതം അധിക സമയം അനുവദിക്കുന്നതാണ്.

പൊതു നിർദ്ദേശങ്ങൾ

VI, LMD/OH, CP, LD എന്നീ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ ഗ്രേസ് മാർക്കിന് അർഹരല്ല.

ഭാഷാവിഷയങ്ങൾ, കണക്ക് എന്നിവ ഒഴിവാക്കുന്ന കുട്ടികളുടെ നിരന്തര മൂല്യനിർണ്ണയം (C.E.) നടത്തേണ്ടത് അവർ പകരം തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ തന്നെ ആയിരിക്കണം.

കണക്കിനും ഭാഷാവിഷയങ്ങൾക്കും പകരം തെരഞ്ഞെടുക്കുന്ന വിഷയങ്ങളിലെ പരീക്ഷ പൊതു പരീക്ഷയ്ക്കുശേഷം അതത് ജില്ലകളിൽ വച്ച് പരീക്ഷാഭവൻ നേരിട്ട് നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയുടെ തീയതി പരീക്ഷാഭവനിൽ നിന്നും ലഭിക്കുന്നതാണ്.

സ്ക്രൈബായി നിയോഗിക്കപ്പെടുന്ന ആളുടെ പരീക്ഷാ യോഗ്യത പരീക്ഷാർത്ഥിയേക്കാൾ കൂടുവാൻ പാടുള്ളതല്ല. സ്ക്രൈബായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് പേപ്പറിന് 100 രൂപാ പ്രകാരം റമ്യൂണറേഷൻ നൽകേണ്ടതാണ്. (G.O.(Ms) No.44/2010/G.Edn dated 25/03/2010). ഇതിനുവേണ്ടി വരുന്ന തുക പരീക്ഷാഭവനിലെ പരീക്ഷാ ചെലവുകൾക്കായുള്ള ഹെഡിൽ നിന്നും ഉപയോഗിക്കേണ്ടതാണ്.

ഡി.പി.ഐ. എസ്.എസ്.എ. വഴി നിയോഗിക്കപ്പെടുന്ന റിസോഴ്സ് അദ്ധ്യാപകരെയാണ് വ്യഖ്യാതാക്കളായി (ഇന്റർപ്രെട്ടർ) നിയോഗിക്കുന്നത്. ഇവരുടെ അഭാവത്തിൽ ഹൈസ്ക്കൂൾ/യു.പി. തലങ്ങളിലുള്ള അദ്ധ്യാപകരെ പരിഗണിക്കേണ്ടതാണ്. ഇന്റർപ്രെട്ടർമാരായി നിയോഗിക്കപ്പെടുന്നവർക്ക് ഇൻവിജിലേറ്റർമാർക്ക് നൽകുന്ന അലവൻസ്/വേതനം നൽകുന്നതാണ്. ഇന്റർപ്രെട്ടർമാരെ അനുവദിക്കുന്നത് LD വിഭാഗം കുട്ടികൾക്ക് 1:8 എന്ന അനുപാതത്തിലും MR, Autism & HI വിഭാഗം കുട്ടികൾക്ക് 1:4 എന്ന അനുപാതത്തിലും ആയിരിക്കും.

അധികസമയം മാത്രം പരീക്ഷാനുകൂല്യമായി ലഭിക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേകം പരീക്ഷാ ഹാൾ അനുവദിക്കുന്നതല്ല.

പ്രധാനാദ്ധ്യാപകർ പരീക്ഷാ ഇളവുകൾക്ക് വേണ്ടിയുള്ള അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം 20/11/2015 ന് മുൻപായി അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. പഠനവൈകല്യമുള്ളവരുടെ അപേക്ഷ 16/12/2015 ന് മുൻപായും സമർപ്പിക്കേണ്ടതാണ്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരീക്ഷാ ഇളവുകൾക്ക് അർഹരായ വിദ്യാർത്ഥികളുടെ ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ് ശുപാർശ ചെയ്യുന്ന ഇളവുകൾ സഹിതം രേഖാമൂലവും സി.ഡി.യിലും (എക്സൽ ഫോർമാറ്റിൽ) അപേക്ഷകൾ അനുബന്ധ രേഖകളോടൊപ്പം 30/11/2015–ന് മുൻപായി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഐ.ഇ.ഡി. സെല്ലിൽ സമർപ്പിക്കേണ്ടതാണ്. പഠനവൈകല്യമുള്ള കുട്ടികളുടെ അപേക്ഷ ഐ.ഇ.ഡി. സെല്ലിൽ ലഭിക്കേണ്ട അവസാന തീയതി 31/12/2015 ആണ്.

പരീക്ഷാ ഇളവുകൾ അനർഹരായവർ നേടിയെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പരീക്ഷയുടെ ഏതു സമയവും നൽകിയ ആനുകൂല്യങ്ങൾ പിൻവലിക്കുന്നതിനുള്ള പൂർണ്ണ അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.

വൈകി ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. പരീക്ഷാ ഇളവുകൾ സംബന്ധിച്ച മേൽ വിവരങ്ങൾ www.education.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

*********** *********** ***********

**അനുബന്ധം – 1**

**എസ്.എസ്.എൽ.സി. പരീക്ഷ – മാർച്ച് 2016**

**സവിശേഷ സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ആനുകൂല്യത്തിനുള്ള അപേക്ഷ**

1. പരീക്ഷാ കേന്ദ്രത്തിന്റെ പേര് :
2. സെന്റർ കോഡ് :
3. വിദ്യാഭ്യാസ ജില്ല :
4. വിദ്യാർത്ഥിയുടെ പേര് :
5. അഡ്മിഷൻ നമ്പർ :
6. വിദ്യാർത്ഥിയുടെ വയസ്സും ജനനത്തീയതിയും :
7. വിദ്യാർത്ഥിയുടെ മേൽവിലാസവും ഫോൺ നമ്പറും (കോഡ് സഹിതം) :
8. രക്ഷാകർത്താവിന്റെ പേര് :
9. ശാരീരിക വൈകല്യത്തിന്റെ സ്വഭാവം (വൈകല്യത്തെക്കുറിച്ചുള്ള പൊതുവിശദീകരണം രേഖപ്പെടുത്തുക) :
10. വൈകല്യം എത്ര ശതമാനം/IQ :
11. ആവശ്യമുള്ള പരീക്ഷാ ആനുകൂല്യങ്ങൾ :

(i) അധികസമയം ആവശ്യമാണോ? :

(ii) കണക്ക് വിഷയം ഒഴിവാക്കേണ്ടതുണ്ടോ? :

(iii)ഉണ്ടെങ്കിൽ പകരമായി തെരഞ്ഞെടുക്കുന്നവിഷയം:

(iv) ഭാഷാ വിഷയം ഒഴിവാക്കേണ്ടതുണ്ടോ? :

(v) ഉണ്ടെങ്കിൽ ഏതൊക്കെ : ഒന്നാം ഭാഷ : ..........................................

രണ്ടാം ഭാഷ : ..........................................

മൂന്നാം ഭാഷ : ..........................................

(vi) പകരമായി തെരഞ്ഞെടുത്ത വിഷയങ്ങൾ :

ഒന്നാം ഭാഷ – 1...................................2..........................................

രണ്ടാം ഭാഷ ..........................................................................................

മൂന്നാം ഭാഷ ..........................................................................................

(vii) ഗ്രേസ് മാർക്ക് ആവശ്യമുണ്ടോ? : ..........................................
(കേൾവിക്കുറവുള്ള കുട്ടികൾ/ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ/ഓട്ടിസം കുട്ടികൾ മാത്രം)

(viii) എഴുതാൻ സഹായിയുടെ ആവശ്യമുണ്ടോ? : ..........................................

(ix) ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജോമെട്രിക്കൽ ഫിഗേഴ്സ് എന്നിവയിൽ നിന്ന് ഒഴിവാക്കേണ്ടതുണ്ടോ? : ........................................

(x) വ്യാഖ്യാതാവിന്റെ സേവനം ആവശ്യമുണ്ടോ? : ........................................

---

(നോട്ട്: സ്ക്രൈബ്, ഇന്റർപ്രെട്ടർ– ഇതിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ.)

12. **വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകിയ മെഡിക്കൽ ആശുപത്രിയുടെ പേരും, മേൽവിലാസവും** (VI, HI, LMD/OH, CP, MR, Autism, LD വിഭാഗങ്ങൾക്ക്) **:**

**<u>സത്യപ്രസ്താവന</u>**

**മേൽപ്പറഞ്ഞ വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്നും മാർച്ച് 2016 ലെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് മേൽ ആനുകൂല്യങ്ങൾ ആവശ്യമാണെന്നും ബോധിപ്പിച്ചു കൊള്ളുന്നു.**

**വിദ്യാർത്ഥിയുടെ ഒപ്പ് :**

**സ്ഥലം :**
**തീയതി :** **രക്ഷാകർത്താവിന്റെ പേരും ഒപ്പും**

---

**<u>ഓഫീസ് ഉപയോഗത്തിന് മാത്രം</u>**

<u>അസ്ഥിസംബന്ധമായ വൈകല്യം (LMD/OH), സെറിബ്രൽ പാൾസി (CP) ഉള്ളവർക്ക് സ്ക്രൈബിന്റെ സേവനം ലഭിക്കുന്നതിനുള്ള സാക്ഷ്യപത്രം</u>

ഈ വിദ്യാലയത്തിലെ 10–ാം ക്ലാസ്സ് വിദ്യാർത്ഥിയായ ....................................... ന്റെ/യുടെ എഴുതുന്ന കൈയ്ക്ക് വൈകല്യമുള്ളതിനാൽ സ്വയം എഴുതാൻ കഴിയില്ലെന്നും സ്ക്രൈബിനെ ആവശ്യമുണ്ടെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഓഫീസ് മുദ്ര പ്രധാനാദ്ധ്യാപകന്റെ പേരും ഒപ്പും തീയതി സഹിതം

<u>പ്രധാനാദ്ധ്യാപകന്റെ ശുപാർശ</u>

ഈ വിദ്യാലയത്തിലെ 10–ാം ക്ലാസ്സ് വിദ്യാർത്ഥിയായ ....................................... സവിശേഷ സഹായം ആവശ്യമുള്ള കുട്ടിയാണെന്നും അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണെന്നും ബോദ്ധ്യമുള്ളതിനാൽ അനുവാദത്തിനായി ശുപാർശ ചെയ്യുന്നു. എസ്.എസ്.എൽ.സി. നോട്ടിഫിക്കേഷൻ പ്രകാരം ആവശ്യപ്പെട്ട എല്ലാ രേഖകളും ഇതോടൊപ്പം സമർപ്പിക്കുന്നു.

സ്ഥലം :
തീയതി : (ഓഫീസ് സീൽ) പ്രധാനാദ്ധ്യാപകന്റെ പേരും ഒപ്പും

---

**<u>ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശ</u>**

എസ്.എസ്.എൽ.സി. 2016 നോട്ടിഫിക്കേഷൻ പ്രകാരം പരീക്ഷാനുകൂല്യങ്ങൾക്കായി ഹെഡ്മാസ്റ്റർ സമർപ്പിച്ച എല്ലാ ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിദ്യാർത്ഥിക്ക് പരീക്ഷാ ഇളവുകൾ അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

സ്ഥലം :
തീയതി : (ഓഫീസ് സീൽ) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പേരും ഒപ്പും